സ്റ്റാറ്റേർഡ് ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി

150 (8210) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്റ്റാറ്റേർഡ് ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ സഹായമായി എത്രതുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ക്ഷേമപദ്ധതി ആനുകൂല്യം ലഭിക്കാത്തതുമൂലം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി പ്രകാരം അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ ചട്ടം 26 (എ) പ്രകാരം ലഭിച്ച ഐഡന്റിറ്റി കാർഡിന്റെ പകർപ്പും അപേക്ഷകൻ തൊഴിൽ എടുക്കുന്ന സ്ഥലത്തെ കമ്മിറ്റി ചെയർമാന് 10 രൂപ രജിസ്ട്രേഷൻ ഫീസും 2 പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്. സ്റ്റാറ്റേർഡ് വിഭാഗം ക്ഷേമപദ്ധതിയിലെ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2013-14 സാമ്പത്തിക വർഷം പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് 1,89,24,981 രൂപ (ഒരു കോടി എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി എൺപത്തി ഒന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) 1999-2000 മുതൽ 2010-11 വരെ 5,13,46,175 രൂപ സർക്കാർ സഹായമായി സ്റ്റാറ്റേർഡ് പദ്ധതിക്കായി നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനായി 528 ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) (2014-15) ശിപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശയിന്മേൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിൽനിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താൻ നടപടി

151 (8211) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ക്ഷീര കർഷകരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം വ്യക്തമാക്കുമോ ;

(ബി) ക്ഷീര കർഷകരെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

കടിയേറ്റ തൊഴിലാളി ക്ഷേമനിധി

152 (8212) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് അന്യരാജ്യങ്ങളിൽനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും ആകെ എത്ര കടിയേറ്റ തൊഴിലാളികളുണ്ട് ; അതിൽ എത്ര തൊഴിലാളികൾ കടിയേറ്റ തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ഷേമനിധിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly